*Kerala Catholic Bishops' Council's*

# Commission for Social Harmony and Vigilance

Pastoral Orientation Centre, Palarivattom,Kochi-25,Ph: 0484 2806262, kcbcshv@gmail.com

154th Issue - Volume 4, No. 35 ജാഗ്രത 8th October 2010

"where there is hatred, let me sow love;
where there is injury, pardon; where
there is doubt, faith"

(St Francis Assisi)

**Commission Chairman**
Rt. Rev. Dr. Stanley Roman

**Vice-Chairmen**
Moran Mor Baselius Cleemis Catholicos
Bishop Mar Thomas Chakiath
Bishop Mar Joseph Kallarangatt

**Commission Secretary**
Fr. Johny Kochuparambil



ST. FRANCIS ASSISI

## പ്രധാന വാർത്തകൾ

വൈദികർ മറ്റുള്ളവർക്കുവേണ്ടി ജീവിക്കണം:
മാർ വർക്കി വിതയത്തിൽ

---

യുവജനങ്ങൾ ഉണർന്ന് പ്രശോഭിക്കുന്നവരാവണം
മാർ ജേക്കബ് മനത്തോടത്ത്

---

സർക്കാർനീക്കം ഉന്നതവിദ്യാഭ്യാസരംഗത്തെ സർവാധിപത്യത്തിന്: മാർ ജോസഫ് പവ്വത്തിൽ

---

വിശ്വത്തോളം വലിപ്പമുള്ള മനസിന്റെ ഉടമകളാണ് മഹാൻമാർ: മാർ തോമസ് ചക്യത്ത്

---

മദ്യവിമുക്ത സമൂഹസൃഷ്ടിക്കായി ഏവരും പങ്കാളികളാകണം: മാർ പോളി കണ്ണൂക്കാടൻ

**വൈദികർ മറ്റുള്ളവർക്കുവേണ്ടി ജീവിക്കണം:**

**മാർ വർക്കി വിതയത്തിൽ**



വൈദികർ മറ്റുള്ളവർക്കു വേണ്ടി ജീവിക്കാൻ പരിശ്രമിക്കണമെന്ന് സീറോ മലബാർ സഭ മേജർ ആർച്ച് ബിഷപ് വർക്കി വിതയത്തിൽ. പ്രശസ്ത തിരക്കഥാകൃത്ത് ജോൺ പോൾ പരിഭാഷപ്പെടുത്തിയ ബിഷപ് ഫുൾട്ടൻ ജെ. ഷീന്റെ 'പുരോഹിതൻ അവന് സ്വന്തമല്ല' എന്ന പുസ്തകത്തിന്റെ പ്രകാശനകർമം നിർവഹിച്ച് പ്രസംഗിക്കുകയായിരുന്നു മാർ വർക്കി വിതയത്തിൽ. ക്രൈസ്തവജീവിതത്തിന്റെ തന്നെ അന്തസത്ത ഒരാൾ അവനവനുവേണ്ടിയല്ല എന്നതാണ്. അതിനാൽ പുരോഹിതർക്ക് മാത്രമല്ല മറ്റുള്ളവർക്കും ഈ പുസ്തകം പ്രചോദനമായി ത്തീരുമെന്നതാണ് ഇതിന്റെ കാലിക പ്രസക്തി. കർദിനാൾ ഹൗസിൽ നടന്ന ചടങ്ങിൽ ഡോ. കൊച്ചുറാണി ജോസഫിന് പുസ്തകത്തിന്റെ ആദ്യപ്രതി നൽകിക്കൊണ്ടാണ് പ്രകാശനകർമം നിർവഹിച്ചത്. സീറോ മലബാർ സഭ വക്താവ് റവ.ഡോ. പോൾ തേലക്കാട്ട് പുസ്തകം പരിചയപ്പെടുത്തി. കേരള സംഗീത നാടക അക്കാദമി മുൻ വൈസ് ചെയർമാൻ ടി.എം. ഏബ്രഹാം ആശംസകളർപ്പിച്ചു. ജോൺ പോൾ തന്റെ പരിഭാഷാനുഭവം പങ്കുവച്ചു. ബിബ്ലിയ പബ്ലിക്കേഷൻസ് ഡയറക്ടർ റവ.ഡോ. ജോസ് മാണിപ്പറമ്പിൽ സ്വാഗതവും സെബി മാളിയേക്കൽ നന്ദിയും പറഞ്ഞു.

**യുവജനങ്ങൾ ഉണർന്ന് പ്രശോഭിക്കുന്നവരാവണം**

**മാർ ജേക്കബ് മനത്തോടത്ത്**



വചനാധിഷ്ടിത ജീവിതത്തിലൂടെ യുവജനങ്ങൾ സാമൂഹിക നവോത്ഥാനത്തിനും ലോകനന്മയ്ക്കും തയ്യാറാവണം. ക്രൈസ്തവ സഭയുടെ പ്രതീക്ഷയായ യുവജനങ്ങൾ സഭയിലും സമൂഹത്തിലും ഉണർന്ന് പ്രശോഭിക്കുന്നവരാവണമെന്ന് പാലക്കാട് രൂപതാദ്ധ്യക്ഷൻ മാർ ജേക്കബ് മനത്തോടത്ത് ആഹ്വാനം ചെയ്തു. പാലക്കാട് രൂപതാ കെ.സി.വൈ.എം. ന്റെ നേതൃത്വത്തിൽ ഒക്ടോബർ 1,2,3 തിയ്യതികളിൽ പാലക്കാട് യുവക്ഷേത്രയിൽ സംഘടിപ്പിച്ച യൂത്ത് പാർലമെന്റിന്റെ സമാപന സമ്മേളനത്തിൽ യുവജനപ്രതിനിധികളെ അഭിസംബോധന ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. ക്രൈസ്തവാദർശങ്ങളിലധിഷ്ടിതമായ ജീവിതത്തിലൂടെ ലോകനന്മ കാംക്ഷിക്കുന്ന കത്തോലിക്കാ യുവജനങ്ങൾ സഭയുടെ ഭാവി പ്രതീക്ഷ മാത്രമല്ല, വർത്തമാനകാല കരുത്തുമാണെന്ന് മാർ ജേക്കബ് മനത്തോടത്ത് ഓർമിപ്പിച്ചു.

ഒക്ടോബർ 3ന് യുവക്ഷേത്രയിൽ നടന്ന സമാപന സമ്മേളനത്തിന് പാലക്കാട് രൂപതാ കെ.സി.വൈ.എം. പ്രസിഡന്റ് ശ്രീ. ജിനീഷ് കുളത്തിനാൽ അദ്ധ്യക്ഷത വഹിച്ചു. കെ.സി.വൈ.എം. രൂപതാ ഡയറക്ടർ ഫാ. ആന്റോ തെക്കാട്ടിൽ, ജോയിന്റ് ഡയറക്ടർ ഫാ. ടോം വടക്കേക്കര, ഓർഗനൈസിംഗ് കമ്മിറ്റി ചെയർമാൻ ശ്രീ. എ.എം. റാഫേൽ, വൈസ് ചെയർമാൻ ശ്രീ. ഫ്രാൻസിസ് കടപ്പാറ, രൂപതാ ഭാരവാഹികളായ അൽഫോൺസാ ജോയ്, ഗീതു തോമസ്, അനൂപ് മൈലംവേലിൽ, എബിൻ ജോസഫ്, ഷിന്റോ കുര്യൻ എന്നിവർ സംസാരിച്ചു. യൂത്ത് പാർലമെന്റിന് അഭിവാദ്യങ്ങളർപ്പിച്ചുക്കൊണ്ട് കെ.സിവൈ.എം. സംസ്ഥാന ഡയറക്ടർ ഫാ. ജെയ്സൺ കൊള്ളന്നൂർ, കെ.സിവൈ.എം. സംസ്ഥാന പ്രസിഡന്റ് ശ്രീ. ദീപക് ചേർക്കോട്ട്, കെ.സിവൈ.എം. സംസ്ഥാന സെക്രട്ടറി ടിങ്കിൾ ഫ്രാൻസിസ് എന്നിവർ യൂത്ത് പാർലമെന്റ് സന്ദർശിച്ചു.

ഒക്ടോബർ 1ന് തുടങ്ങിയ യൂത്ത് പാർലമെന്റിൽ രൂപതയിലെ വിവിധ ഇടവകകളിൽ നിന്നുള്ള 230 യുവജന പ്രതിനിധികൾ പങ്കെടുത്തു. മൂന്ന് ദിവസങ്ങളിലായി നടന്ന യൂത്ത് പാർലമെന്റിൽ കേരളത്തിലെ സാമൂഹിക സാംസ്കാരിക ആദ്ധ്യാത്മിക മേഖലയിലെ പ്രഗൽഭർ യുവജന പ്രതിനിധികളുമായി സംവദിച്ചു. ക്രിയാത്മകമായി വ്യക്തിബന്ധങ്ങൾക്കിടയിലെ മഞ്ഞുരുക്കുന്നതിനു വേണ്ട പൊടിക്കൈകളുമായി കോർപറേറ്റ് ട്രെയ്നറും മുൻ കെ.സി.വൈ.എം. പ്രവർത്തകനുമായ സുദീപ് സെബാസ്റ്റ്യൻ, മാറി മറയുന്ന സാമൂഹിക വ്യവസ്ഥിതിയിൽ ചലനാത്മക യുവത്വത്തിന്റെ ബാധ്യതകളെയും സാധ്യതകളെയും പറ്റി കേരള കാർഷിക സർവകലാശാലയിലെ പ്രൊഫ. മേരി റെജീന, വിരസമാക്കപ്പെടുന്ന മതമണ്ഡലത്തിലെ ദൈവസാന്നിദ്ധ്യത്തെക്കുറിച്ച് കൊച്ചിയിലെ ഫാത്തിമ ഹോസ്പിറ്റൽ ഡയറക്ടർ ഫാ. ആന്റണി തമ്പി തൈക്കൂട്ടത്തിൽ എന്നിവർ സംസാരിച്ചു. വിശ്വാസ ജീവിതത്തിൽ അടിയുറച്ച് യുവജനങ്ങൾ

എങ്ങനെ സഭയുടെ വക്താക്കളാവണം എന്ന് സത്യദീപം ചീഫ് എഡിറ്റർ ഫാ. കുര്യാക്കോസ് മുണ്ടാടൻ, യുവജനങ്ങളുടെ സാമൂഹികപ്രതിബദ്ധതയെക്കുറിച്ച് തൃശ്ശൂർ സെന്റ് തോമസ് കോളേജിലെ പ്രോഫ. കെ.എം. ഫ്രാൻസിസ് എന്നിവർ യുവജന പ്രതിനിധികളുമായി സംവദിച്ചു.

അടുത്ത പത്തുവർഷം കെ.സി.വൈ.എം.ന്റെ ലക്ഷ്യങ്ങളിലേക്ക് തിരുവല്ല മാക്ഫാസ്റ്റ് പ്രിൻസിപ്പൽ ഫാ. അബ്രാഹം മുളമൂട്ടിലും ഗ്രാമസ്വരാജിന്റെ അകം പൊരുളുകളിലേക്ക് ഫാ. മാത്യു ചന്ദ്രൻക്കുന്നേലും യുവജനപ്രതിനിധികളെ കൈപിടിച്ചു നടത്തി. യൂത്ത് പാർലമെന്റിന്റെ ഭാഗമായി തന്റെ നാടകങ്ങളിലൂടെ കേരളക്കരയെ ഹരം കൊള്ളിച്ച പ്രശസ്ത നാടകകൃത്ത് ഷെവ. സി.ൽ. ജോസ് യുവജന പ്രതിനിധികളുമായി ആശയവിനിമയം നടത്തി. കെ.സി.വൈ.എം. രൂപതാ ജോയിന്റ് ഡയറക്ടർ ഫാ. ടോം വടക്കേക്കര നയിച്ച കെ.സി.വൈ.എം. എന്ത്, എങ്ങിനെ, എന്തിന് എന്ന സെഷനും തെയ്സെ പ്രാർത്ഥനയും യുവജന പ്രതിനിധികളുടെ മനം കവർന്നു.

## സർക്കാർനീക്കം ഉന്നതവിദ്യാഭ്യാസരംഗത്തെ സർവാധിപത്യത്തിന്: മാർ ജോസഫ് പവ്വത്തിൽ



കേരളത്തിലെ ഉന്നതവിദ്യാഭ്യാസരംഗത്തെ വളർത്താനെന്ന ഭാവത്തിൽ എല്ലാം തങ്ങളുടെ സർവാധിപത്യത്തിനു കീഴിലാക്കാനുള്ള സർക്കാരിന്റെ ശ്രമങ്ങളുടെ ഭാഗമായിട്ടാണ് സർവകലാശാലാ നിയമപരിഷ്കരണസമിതിയുടെ നിർദേശങ്ങളെ കാണാൻ കഴിയുന്നതെന്ന് ഇന്റർചർച്ച് കൗൺസിൽ ഫോർ എഡ്യൂക്കേഷൻ ചെയർമാൻ ആർച്ച് ബിഷപ് മാർ ജോസഫ് പവ്വത്തിൽ. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കൊണ്ടുവന്ന കെഇആർ പരിഷ്കരണസമിതിയും അനന്തമൂർത്തി കമ്മീഷനും മറ്റും നല്കിയ നിർദേശങ്ങളുടെ തുടർച്ചയാണ് ഈ നിർദേശങ്ങളുമെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി. കേരളത്തിലെ ഉന്നതവിദ്യാഭ്യാസരംഗവും, ലക്ഷക്കണക്കിനു വിദ്യാർഥികളും അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾക്ക് പ്രതിവിധിതേടുന്ന നിർദേശങ്ങൾ ഇതിൽ പ്രായേണ കാണാൻ കഴിയുന്നില്ല. അതിനുപകരം എങ്ങനെ വിദ്യാഭ്യാസരംഗം ഇടുങ്ങിയ രാഷ്ട്രീയലക്ഷ്യങ്ങൾക്കുവേണ്ടി ഉപയോഗിക്കാൻ കഴിയുമെന്നാണ് സമിതി ചിന്തിക്കുന്നതായി കാണുന്നത്. കലാലയങ്ങളെ പ്രാദേശികസമിതികളുടെ നിയന്ത്രണത്തിലാക്കാനുള്ള നീക്കവും, കോളജുകളുടെ ക്ലസ്റ്ററുകൾ രൂപീകരിക്കാനുള്ള നിർദേശവും, അൺ എയ്ഡഡ് കോളജുകളിലെ അധ്യാപക നിയമനത്തിൽപ്പോലും സർവകലാശാലയുടെ മുൻകൂർ അംഗീകാരം തേടണമെന്ന നിബന്ധനയുമെല്ലാം ഇപ്പോൾത്തന്നെ പിന്നോക്കം പോകുന്ന നമ്മുടെ ഉന്നത വിദ്യാഭ്യാസരംഗത്തിന്റെ പതനം വേഗത്തിലാക്കാനേ ഉപകരിക്കൂ. ഉന്നതവിദ്യാഭ്യാസരംഗത്തിന്റെ വളർച്ചക്കാവശ്യം അക്കാദമിക സ്വാതന്ത്ര്യമാണ്. ഈ സ്വാതന്ത്ര്യം പരമാവധി ഇല്ലാതാക്കാനും നിഷേധിക്കാനുമാണ് സമിതി നിർദേശങ്ങളിലൂടെ ശ്രമിക്കുന്നത്. നല്ല വിദ്യാഭ്യാസം നല്കുന്ന ഓട്ടോണമസ് കോളജുകൾക്കു പകരം കോളജുകളുടെ ക്ലസ്റ്ററുകൾ കൊണ്ടുവന്ന് എയ്ഡഡ് കോളജുകളുകളും സർക്കാരിന്റേതാക്കി മാറ്റാനും അങ്ങനെ ഇവിടെ ഏറ്റവും ഗുണനിലവാരമുള്ള വിദ്യാഭ്യാസം പാവപ്പെട്ട വിദ്യാർഥികൾക്കു നല്കിക്കൊണ്ടിരിക്കുന്ന എയ്ഡഡ് കോളജുകളെ തകർക്കാനും ശ്രമിക്കുന്നു. പുതുതായി നിർദേശിക്കപ്പെട്ടിട്ടുള്ള സമിതികളുടെ ലക്ഷ്യവും അതുതന്നെ. വിദ്യാർത്ഥിപ്രവേശനം ഏകജാലകത്തിലാക്കുന്നതു വിദ്യാർഥിപ്രവേശനം നീട്ടിക്കൊണ്ടു പോകാനും, വിദ്യാർഥികൾ പ്രവേശനം കിട്ടാതെ അലയുമ്പോഴും വിദ്യാർഥികളില്ലാതെ കോളജുകളിൽ പഠനം നടക്കുന്ന സാഹചര്യം സൃഷ്ടിക്കാനും കോഴ്സിന്റെ ദൈർഘ്യം വർധിപ്പിക്കാനും നിലവാരം തകർക്കാനും മാനേജുമെന്റിന്റെ അവകാശങ്ങൾ നിഷേധിക്കാനും മാത്രമാണ് ഉപകരിക്കുക. ന്യൂനപക്ഷങ്ങളുടെ ഭരണഘടനാപരമായ വിദ്യാഭ്യാസ അവകാശങ്ങൾ തങ്ങളുടെ നിർദേശങ്ങളിലൂടെ തന്ത്രപരമായി കവർന്നെടുക്കാനാണ് സർക്കാർ നിയോഗിച്ച സമിതി ആത്യന്തികമായി ശ്രമിക്കുന്നതെന്ന് ആർച്ച് ബിഷപ് മാർ ജോസഫ് പവ്വത്തിൽ ചൂണ്ടിക്കാട്ടി.

## വിശ്വത്തോളം വലിപ്പമുള്ള മനസിന്റെ ഉടമകളാണ് മഹാൻമാർ: മാർ തോമസ് ചക്യത്ത്



വിശ്വത്തോളം വലിപ്പമുള്ള മനസിന്റെ ഉടമകളാണ് മഹാന്മാരെന്നും ഫാ. ഇഗ്നേഷ്യസ് സമൂഹത്തിന്റെ പിന്നാമ്പുറത്ത് ജീവിച്ചിരുന്നവരെ കണ്ടെത്തി അവരെ കൈപിടിച്ച് ഉയർത്തിയ വലിയ മനസിന്റെ ഉടമയായിരുന്നു അദ്ദേഹമെന്നും മാർ തോമസ് ചക്യത്ത്. ആലുവ കപ്പുച്ചിൻ ദേവാലയാങ്കണത്തിൽ ഫാ. ഇഗ്നേഷ്യസ് ജന്മശതാബ്ദി ആഘോഷം ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം. നൂറിലേറെ വിശുദ്ധന്മാരെ ലോകത്തിന് സംഭാവന ചെയ്ത ഫ്രാൻസിസ്കൻ സഭ മലയാളത്തിന് സമ്മാനിച്ച ഉത്തമനായ മനുഷ്യസ്നേഹിയായിരുന്നു ഫാ. ഇഗ്നേഷ്യസ് - അദ്ദേഹം പറഞ്ഞു. ഒരു വർഷം നീണ്ടുനിൽക്കുന്ന ജന്മശതാബ്ദി ആഘോഷങ്ങളുടെ ഭാഗമായി ആരംഭം കുറിക്കുന്ന പരിപാടിയിൽ നിർധനരായവർക്കുള്ള സൗജന്യ ഡയാലിസിസ് പദ്ധതി ഫണ്ട് ശേഖരണം നടത്തി. സെന്റ് തോമസ് കപ്പുച്ചിൻ പ്രൊവിൻഷ്യൽ റവ. ഡോ. ഫ്രാൻസിസ് ക്രിസ്റ്റി അധ്യക്ഷത വഹിച്ചു. ആലുവ സെന്റ് ഡൊമിനിക്സ് പള്ളി വികാരി റവ. ഫാ. ജോർജ് തോട്ടങ്കര, ഒ.പി. ജോസഫ്, എം.ടി ജോൺ, സിസ്റ്റർ ലിസാ മേരി എന്നിവർ ആശംസകളർപ്പിച്ചു. ഫാ. ജെയ്സൺ ഒഎഫ്എം ക്യാപ് സ്വാഗതവും ഫ്രാൻസിസ് സേവ്യർ കാരക്കാട്ട് നന്ദിയും പറഞ്ഞു.

## മദ്യവിമുക്ത സമൂഹസൃഷ്ടിക്കായി ഏവരും പങ്കാളികളാകണം: മാർ പോളി കണ്ണൂക്കാടൻ



മദ്യവിമുക്ത സമൂഹസൃഷ്ടിക്കായി ഏവരും പങ്കാളികളും അതിന്റെ പ്രചാരകരുമാകണമെന്ന് രൂപത ബിഷപ് മാർ പോളി കണ്ണൂക്കാടൻ. ലഹരിമോചന ആയുർവേദ ചികിത്സാകേന്ദ്രമായ ആനന്ദപുരം സാൻജോ സദന്റെ 16 ാം വാർഷികാഘോഷ പരിപാടികൾ ഉദ്ഘാടനം ചെയ്ത് പ്രസംഗിക്കുകയായിരുന്നു ബിഷപ്. ഇന്ന് മനഷ്യനെ ഏറ്റവും കൂടുതൽ നാശത്തിലേക്ക് നയിക്കുന്നത് മദ്യാസക്തിയാണ്. ഇതിൽ നിന്നുള്ള മോചനമാണ് മനുഷ്യന് രക്ഷ നൽകുന്നത്. അതുവഴി മാത്രമേ സമൂഹത്തിന് നന്മ കൈവരികയുള്ളൂ. മദ്യവിമുക്തസമൂഹത്തിനായി പ്രയത്നിക്കുന്നവർ അവരുടെ നല്ല മനസിന്റെ പ്രകടനമാണ് സമൂഹത്തിനായി കാഴ്ചവെക്കുന്നതെന്നും ബിഷപ് കൂട്ടിച്ചേർത്തു. ചടങ്ങിൽ രൂപത വികാരി ജനറാൾ മോൺ ജോസ് ഇരിമ്പൻ അധ്യക്ഷത വഹിച്ചു. ബിഷപ് മാർ ജെയിംസ് പഴയാറ്റിൽ അനുഗ്രഹപ്രഭാഷണവും അഡ്വ. തോമസ് ഉണ്ണിയാടൻ എംഎൽഎ മുഖ്യപ്രഭാഷണവും നടത്തി. സോഷ്യൽ ആക്ഷൻ ഡയറക്ടർ ഫാ. ആന്റണി മുക്കാട്ടുകരക്കാരൻ, ഡോ.വി.ജെ. പോൾ തുടങ്ങിയവർ ആശംസകളർപ്പിച്ചു. എക്സി. ഡയറക്ടർ ഫാ. പോളി കണ്ണൂക്കാടൻ സ്വാഗതവും മെഡിക്കൽ ഓഫീസർ ഡോ. ജോർജ് ലിയോൺസ് നന്ദിയും പറഞ്ഞു. അഡ്മിനിസ്ട്രേറ്റർ സിസ്റ്റർ ബാൽറെഡ് എഫ്സിസി റിപ്പോർട്ട് അവതരിപ്പിച്ചു. പുതിയ ബ്ലോക്കിന്റെ അടിസ്ഥാനശിലയുടെ ആശീർവാദകർമവും നടന്നു.


JAGRATHA News

"Jagratha News" - An internet news service is free and for private circulation

Web: www.kcbcsocialharmony.org, Blog: jagrathakcbc.blogspot.com

Designed and Edited by Fr. Johny Kochuparambil, Secretary, KCBC Commission for Social Harmony and Vigilance, P.O.C, P.B. No. 2251, Palarivattom, Kochi-25, INDIA




*********